No.CEE/2485/2009/PGM/TA IV

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

# <u>വിജ്ഞാപനം</u>

## ബിരുദാനന്തര ബിരുദ മെഡിക്കൽ (ഡിഗ്രി/ഡിപ്ലോമ) കോഴ്സുകളിലേയ്ക്കുള്ള പ്രവേശന പരീക്ഷ - 2010

1. കേരളത്തിലെ വിവിധ സർക്കാർ മെഡിക്കൽ കോളേജുകളിൽ 2010 വർഷത്തെ വിവിധ ബിരുദാനന്തര ബിരുദ മെഡിക്കൽ (ഡിഗ്രി/ഡിപ്ലോമ) കോഴ്സുകളിലേയ്ക്കുള്ള പ്രവേശന പരീക്ഷയ്ക്ക് അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു.

2. **പ്രവേശനത്തിനു വേണ്ട യോഗ്യതകൾ:**

   (i) നേറ്റിവിറ്റി : അപേക്ഷകൻ കേരളീയനായ ഇൻഡ്യൻ പൗരനായിരിക്കണം അല്ലെങ്കിൽ കേരളത്തിലെ ഏതെങ്കിലും ഒരു മെഡിക്കൽ കോളേജിൽ നിന്നും എം.ബി.ബി.എസ് ബിരുദം നേടിയിരിക്കണം.

   (ii) **വിദ്യാഭ്യാസ യോഗ്യതകൾ:** കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാലകളിൽ നിന്നു ലഭിച്ചതോ അല്ലെങ്കിൽ കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാലകൾ തത്തുല്യമായി അംഗീകരിച്ചിട്ടുള്ളതോ ആയ എം.ബി.ബി.എസ് ബിരുദം.

   31.03.2010നോ അതിനു മുമ്പോ സി.ആർ.ആർ.ഐ പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്കും പ്രവേശന പരീക്ഷയ്ക്ക് അപേക്ഷിക്കാവുന്നതാണ്. ഇവർ പ്രവേശനത്തിനു മുമ്പ് റ്റി.സി മെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ നേടിയിരിക്കണം.

   (iii) വയസ്സ്: വിവിധ വിഭാഗങ്ങളിൽപ്പെടുന്ന അപേക്ഷകരുടെ ഉയർന്ന പ്രായപരിധി 2010 ഏപ്രിൽ 30ന് ഇപ്രകാരമായിരിക്കും.

   ജനറൽ വിഭാഗം (ഡിഗ്രി/ഡിപ്ലോമ): 45 വയസ്സ്

   സർവ്വീസ് വിഭാഗം: സർവ്വീസ് വിഭാഗത്തിലുള്ള അപേക്ഷാർത്ഥികൾക്ക് ഉയർന്ന പ്രായപരിധി പ്രോസ്പെക്ടസ്സ് ക്ലോസ് IV(c) പ്രകാരമായിരിക്കും.

3. **പ്രവേശനപരീക്ഷ:** വിവിധ ബിരുദാനന്തര ബിരുദ മെഡിക്കൽ കോഴ്സുകളിലേയ്ക്ക് പ്രവേശനം ആഗ്രഹിക്കുന്ന, സർവ്വീസ് വിഭാഗക്കാർ ഒഴികെയുള്ള അപേക്ഷകർ, എന്നാൽ weightageനു അർഹതയുള്ള സർവ്വീസ് വിഭാഗക്കാരും (ക്ലോസ് IX(a)) പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്ന പ്രവേശന പരീക്ഷ എഴുതേണ്ടതാണ്. 2010 ഫെബ്രുവരി മാസം 10-ാം തീയതി (ബുധനാഴ്ച) തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലാ കേന്ദ്രങ്ങളിൽ വച്ച് നടത്തുന്നതാണ്. പ്രവേശന പരീക്ഷയ്ക്ക് 2 മണിക്കൂർ ദൈർഘ്യമുള്ള, ഒബ്ജക്ടീവ് മാതൃകയിൽ 150 വീതം ചോദ്യങ്ങളുള്ള, രണ്ടു പേപ്പറുകൾ ഉണ്ടായിരിക്കും.

   മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ ബിരുദാനന്തര ബിരുദ റെഗുലേഷൻസ് അനുസരിച്ച് അപേക്ഷാർത്ഥികൾ പ്രവേശന പരീക്ഷയിൽ കുറഞ്ഞത് 50% മാർക്ക് ലഭിച്ച് യോഗ്യത നേടിയിരിക്കണം. എന്നാൽ SC/ST, SEBC വിഭാഗങ്ങൾക്ക് പ്രവേശന പരീക്ഷയിൽ കുറഞ്ഞത് 40% മാർക്ക് നേടിയാൽ മതിയാകും.

   എം.ബി.ബി.എസ് ബിരുദം നേടിയതിനു ശേഷം Remote/difficult പ്രദേശങ്ങളിൽ സർക്കാർ സേവനം ചെയ്തിട്ടുള്ള അപേക്ഷാർത്ഥികൾക്ക് പ്രോസ്പെക്ടസ്സ് ക്ലോസ് IX a(ii)ൽ നിഷ്ക്കർഷിച്ചിട്ടുള്ള പ്രകാരം ഗ്രേസ് മാർക്കിന് അർഹതയുണ്ടായിരിക്കും. ഇവർ പ്രോസ്പെക്ടസ്സിലെ അനക്ഷർ VIIIൽ പറഞ്ഞിട്ടുള്ള സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം നൽകേണ്ടതാണ്.

4. (i) അപേക്ഷ സമർപ്പിക്കേണ്ട വിധം : (i) സർവ്വീസ് വിഭാഗക്കാർ ഉൾപ്പെടെ എല്ലാ അപേക്ഷകരും പ്രവേശന പരീക്ഷാ കമ്മീഷണറുടെ 'www.cee-kerala.org' എന്ന വെബ് സൈറ്റിൽ 02.01.2010 മുതൽ ലഭ്യമാക്കിയിട്ടുള്ള പൊതു അപേക്ഷാ ഫോറം ഉപയോഗിച്ച് **ഓൺലൈനായി** അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്. പ്രോസ്പെക്ടസ്സും ഇതേ വെബ് സൈറ്റിൽ തന്നെ ലഭ്യമാണ്. ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനാവശ്യമായ വിശദമായ നിർദ്ദേശങ്ങൾ പ്രോസ്പെക്ടസ്സ് ക്ലോസ് VIIIൽ വിശദമാക്കിയിട്ടുണ്ട്.

(ii) ഓൺലൈനായി അപേക്ഷ സമർപ്പിച്ചതിനു ശേഷം അപേക്ഷയുടെ പ്രിന്റൗട്ട് എടുക്കേണ്ടതും, അതിനോടൊപ്പം ലഭിക്കുന്ന ബാങ്ക് ചെലാൻ ഉപയോഗിച്ച് SBTയുടെ ഏതെങ്കിലും ശാഖകളിലൊന്നിൽ അപേക്ഷാഫീസ് അടയ്ക്കേണ്ടതുമാണ്. (ജനറൽ വിഭാഗം അപേക്ഷാ ഫീസ് 1000/- രൂപ, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർ: 500/- രൂപ). ജനറൽ മെറിറ്റ് ക്വോട്ടയിൽ കൂടി അപേക്ഷിക്കുന്ന സർവ്വീസ് വിഭാഗം അപേക്ഷകർ 1000/- രൂപ അധികമായി അടയ്ക്കേണ്ടതാണ്. അപേക്ഷാ ഫീസ് യാതൊരു കാരണവശാലും തിരികെ നൽകുന്നതല്ല. അപേക്ഷാഫോമുകൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിലോ മെഡിക്കൽ കോളേജുകളിലോ ലഭിക്കുന്നതല്ല.

(iii) ഓൺലൈനായി സമർപ്പിച്ച അപേക്ഷാഫോമിന്റെ പ്രിന്റൗട്ടിൽ അപേക്ഷകർ തങ്ങളുടെ പാസ്സ്പോർട്ട് വലിപ്പത്തിലുള്ള ഫോട്ടോ ഒട്ടിച്ച് സ്വയം സാക്ഷ്യപ്പെടുത്തേണ്ടതാണ്. ഈ പ്രിന്റൗട്ട്, അപേക്ഷാ ഫീസ് ബാങ്കിൽ അടച്ചതിന്റെ ഒറിജിനൽ ചെലാൻ, പ്രോസ്പെക്ടസ്സ് ക്ലോസ് VIII(e)ൽ പറഞ്ഞിട്ടുള്ള രേഖകൾ സഹിതം നേരിട്ടോ അല്ലെങ്കിൽ രജിസ്ട്രേഡ് തപാൽ/സ്പീഡ് പോസ്റ്റ് മുഖാന്തിരമോ "**കമ്മീഷണർ ഫോർ എൻട്രൻസ് എക്സാമിനേഷൻസ്, ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**" എന്ന വിലാസത്തിൽ 23.01.2010 വൈകുന്നേരം 5 മണിക്കു മുമ്പ് ലഭിക്കേണ്ടതാണ്.

സർവ്വീസ് ക്വോട്ടയിൽ മാത്രം അപേക്ഷിക്കുന്ന അപേക്ഷാർത്ഥികൾ അപേക്ഷകൾ ആവശ്യമായ രേഖകൾ സഹിതം (ക്ലോസ് 8D) 23.01.2010നു മുമ്പ് അവരുടെ കൺട്രോളിംഗ് ആഫീസർക്ക് (DME/DHS/DIMS/DMS) സമർപ്പിക്കേണ്ടതാണ്. ജനറൽ മെറിറ്റ് ക്വോട്ടയിൽ അഡ്മിഷനു വേണ്ടി അപേക്ഷിക്കുന്ന സർവ്വീസ് വിഭാഗക്കാർ പ്രവേശന പരീക്ഷാ കമ്മീഷണർക്കും, അവരുടെ കൺട്രോളിംഗ് ആഫീസർക്കും അപേക്ഷ സമർപ്പിക്കേണ്ടതാണ്.

(iv) വൈകി ലഭിക്കുന്നതും, അപാകതയുള്ളതും അപൂർണ്ണവുമായ അപേക്ഷകൾ നിരസിക്കുന്നതാണ്. ഇത് സംബന്ധമായി യാതൊരു കത്തിടപാടുകളും നടത്തുന്നതല്ല. പോസ്റ്റൽ കാലതാമസത്തിന് പ്രവേശന പരീക്ഷാ കമ്മീഷണർ ഉത്തരവാദിയായിരിക്കുകയില്ല.

5. അപേക്ഷ സമർപ്പിച്ചതിനു ശേഷം പുതിയ വിവരങ്ങൾ അപേക്ഷയിൽ ഉൾപ്പെടുത്താനോ, ഏതെങ്കിലും തരത്തിലുള്ള സംവരണ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള ഏതെങ്കിലും സർട്ടിഫിക്കറ്റുകൾ സമർപ്പിക്കുവാനോ അപേക്ഷകരെ അനുവദിക്കുന്നതല്ല. ഇതിലേയ്ക്കുള്ള അപേക്ഷകളോ, ഇത്തരം സർട്ടിഫിക്കറ്റുകളോ യാതൊരു കാരണവശാലും പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിലോ ബന്ധപ്പെട്ട മറ്റ് ഓഫീസുകളിലോ സ്വീകരിക്കുന്നതല്ല.

6. **റാങ്ക് ലിസ്റ്റ്**: പ്രവേശന പരീക്ഷയിൽ നിശ്ചിത യോഗ്യത നേടുന്ന അപേക്ഷാർത്ഥികളുടെ റാങ്ക് ലിസ്റ്റ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ് സൈറ്റിൽ (**www.cee-kerala.org**) പ്രസിദ്ധീകരിക്കുന്നതും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് അയച്ചു കൊടുക്കുന്നതുമാണ്.

7. **പ്രവേശനം:** സർവ്വീസ് ക്വോട്ട ഉൾപ്പെടെ എല്ലാ സീറ്റുകളിലേയ്ക്കുമുള്ള തെരഞ്ഞെടുപ്പ്, സീറ്റ് അലോട്ടുമെന്റ്, പ്രവേശനം എന്നിവ കേന്ദ്രീകൃത അലോട്ടുമെന്റ് പ്രക്രിയയിലൂടെ പ്രോസ്പെക്ടസ്സിലെ നിബന്ധനകൾക്ക് വിധേയമായി മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ നടത്തുന്നതാണ്.

8. സർക്കാർ അംഗീകരിച്ചതും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ പുറപ്പെടുവിച്ചതും '**www.cee-kerala.org**' എന്ന വെബ് സൈറ്റിൽ ലഭ്യവുമായ 2010ലെ ബിരുദാനന്തര ബിരുദ മെഡിക്കൽ (ഡിഗ്രി/ഡിപ്ലോമ) കോഴ്സുകളുടെ പ്രോസ്പെക്ടസ്സിലുള്ള വിശദാംശങ്ങൾ അപേക്ഷ പൂരിപ്പിക്കുന്നതിനു മുമ്പ് അപേക്ഷാർത്ഥികൾ ശ്രദ്ധിക്കേണ്ടതാണ്.

തിരുവനന്തപുരം
01.01.2010

**പ്രവേശന പരീക്ഷാ കമ്മീഷണർ**